പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2330 — 13.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യിലെ നിയമനങ്ങൾ

ചോദ്യം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ആകെ എത്ര സ്ത്രീ/പുരുഷ ജീവനക്കാർ ഉണ്ട്; ഇവരിൽ പി.എസ്.സി മുഖേന നിയമനം നേടിയ സ്ഥിരം ജീവനക്കാർ, ഡൈ-ഇൻ-ഹാർനസ് മുഖേന നിയമിതരായ സ്ഥിരം ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായി മന്ത്രിസഭാ തീരുമാനം വഴി സ്ഥിരം ജീവനക്കാരായവർ എന്നിവരുടെ തസ്തിക തിരിച്ചുള്ള എണ്ണവും മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ സ്ഥിര മാക്കപ്പെട്ട ജീവനക്കാരുണ്ടെങ്കിൽ അവർ സ്ഥിരമാക്കപ്പെട്ട മാർഗ്ഗവും അവരുടെ തസ്തിക തിരിച്ചുള്ള എണ്ണവും അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി യിൽ നിലവിൽ 30,132 സ്ഥിര സ്ത്രീ/പുരുഷ ജീവനക്കാരുണ്ട്. ഇവരിൽ പി.എസ്.സി. മുഖേന നിയമനം നേടിയ 25,164 സ്ഥിരം ജീവനക്കാരുണ്ട്.<br>ഡൈ ഇൻ-ഹാർനസ് മുഖേന സ്ഥിരമായ 2,119 ജീവനക്കാരുണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായി മന്ത്രിസഭാ തീരുമാനം വഴി സ്ഥിരം ജീവനക്കാരായവർ 2,849 പേരുണ്ട്. ഇവരുടെ തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.<br>മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ബി) | ദിവസക്കൂലി അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ഉള്ള ജീവനക്കാർ എത്ര; ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 11,770 ജീവനക്കാരുണ്ട്.<br>2012 -ൽ യൂണിയനുമായി ഒപ്പിട്ട സേവന-വേതന കരാറിൽ അഞ്ച് വർഷം പൂർത്തീകരിച്ച എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തീരുമാനം എടുത്തിട്ടില്ല. |
| (സി) | ഇനിയും ഈ സ്ഥാപനത്തിൽ സ്ഥിരനിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രപേരെ വീതം സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്.<br>സ്ഥിര നിയമനം നൽകാൻ ഉദ്ദേശിക്കുന്ന തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ടി തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവൊന്നും തന്നെ നിലവിലില്ല. എന്നാൽ സർക്കാർ ഉത്തരവ് G.O (MS) No. 77/2011/Tran dated 22.12.2011, G.O (MS) No. 78/2011/Tran dated 22.12.2011 പ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ